കേശവദേവിൻെറ ജീവിതവീക്ഷണത്തിൽ മൗലികമായ ഒരു പരിവർത്തനം വന്നു ചേർന്നിരിക്കുമോ? ഒരുപക്ഷേ, തൻെറ ജ്യേഷ്ഠനായ ഹഠയോഗിയുടെ 'ഹാം' (വാശി) മാത്രമല്ലാതെ, അമൂർത്തങ്ങളായ കേവലമൂല്യങ്ങൾക്കുവേണ്ടിയുള്ള യുക്തിരഹിതമായ ദാഹവും ദേവിൻെറ അന്തശ്ചേതനയിൽ എക്കാലത്തും നിലകൊണ്ടിരിക്കാം. ഏതായാലും കേശവദേവിൻെറ ഈ പരിവർത്തനം, അദ്ദേഹവുമായി അടുത്തു പരിചയമുണ്ടായിരുന്നവർക്ക് ദേവിനോടുള്ള സ്നേഹവും ആദരവും മമതയും വർദ്ധിപ്പിക്കുക മാത്രമേചെയ്തിട്ടുള്ളു.

സമത്വസുന്ദരമായ 'നല്ല നാളെ' നിലവിൽ വരുത്തുകയെന്ന ദേവിൻെറ ആദ്യകാലത്തെ വാചാലസ്വപ്നം സാക്ഷാല്ക്കരിക്കപ്പെടുകയുണ്ടായില്ല. അടുത്തെങ്ങാനും അതു സാക്ഷാല്ക്കരിക്കപ്പെടുമെന്ന ആശയും, അദ്ദേഹത്തിൽനിന്നു പിന്നെപ്പിന്നെ ശാശ്വതമായി വേർപറിഞ്ഞുപോയിരിക്കണം. സാമൂഹ്യമെന്നു പറയാവുന്ന ഈ നൈരാശ്യത്തോടൊപ്പം, വ്യക്തിപരങ്ങളായ നൈരാശ്യങ്ങൾ അദ്ദേഹത്തിൻെറ ജീവിതസായാഹ്നത്തിൽ നിഴൽ പരത്തിയിരുന്നുവോ? മലയാളത്തിലെ ഒരു സാഹിത്യകാരന് അഭിലഷിക്കാവുന്ന മിക്ക ബഹുമതികളും അദ്ദേഹത്തിനു വൈകിയെങ്കിലും കൈവരികയുണ്ടായി. ഇന്ത്യയിലെ പരമോന്നത സാഹിത്യബഹുമതിയായ ജ്ഞാനപീഠസമ്മാനത്തിന് അദ്ദേഹത്തിൻെറ 'അയല്ക്കാർ' എന്ന നോവൽ ഒരാണ്ടിൽ അന്തിമതലംവരെ പരിഗണിക്കപ്പെട്ടുവെന്നതു് ഒരു വസ്തുതയാണ്. കൃതിയും കാലവും ഒത്തുവരേണ്ടതു് ഏതു സമ്മാനലബ്ധിക്കും അനുപേക്ഷണീയമാകയാൽ, അന്ന് ആ പുരസ്കാരം അദ്ദേഹത്തിനു കിട്ടാതെപോയെന്നേയുള്ളു.

ഒരു കാര്യത്തിൽ തീർച്ചയായും കേശവദേവ് നിർഭാഗ്യവാനാണ്. പ്രശസ്തിയുടെയും പ്രായത്തിൻെറയും പൂർണതയിൽ ഹ്രസ്വമല്ലാത്ത വിശ്രമജീവിതത്തിനുശേഷം, അദ്ദേഹം 'അനായാസേന മരണം' വരിച്ചപ്പോൾ, സമൂഹത്തിൻെറ എല്ലാ തലങ്ങളിലുമുള്ള സഹൃദയരായ കേരളീയർ തന്നിൽ വാരിക്കോരിച്ചൊരിഞ്ഞ നിർവ്യാജസ്നേഹാദരങ്ങൾ നേരിൽ കണ്ടു കൺകുളിർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലല്ലോ. അതു കണ്ടിരുന്നുവെങ്കിൽ കേശദേവ് മാറിനിന്ന് എന്തു പറയുമായിരുന്നുവെന്ന് ആലോചിക്കുക രസകരമാണ്.

കേശവദേവിൻെറ സാഹിത്യസംഭാവനയെ ഭാവിയിലെ വിമർശകർ എങ്ങനെ വിലയിരുത്തുമെന്ന് ഇന്നു നമുക്ക് അറിഞ്ഞുകൂടാ. പക്ഷേ, ഒരു കാര്യം നമുക്കു നിശ്ചിതമായി അറിയാം. ഇക്കഴിഞ്ഞ അരനൂററാണ്ടിൽ കേരളത്തിലെ പൊതുജീവിതത്തിനു നിറവും മണവും രുചിയും നല്കിയ അപൂർവ വ്യക്തിത്വങ്ങളിലൊന്നിൻെറ ഉടമയായിരുന്നു കേശവദേവ്. ഈ കാലഘട്ടത്തിലെ കേരളീയജീവിതത്തിൽ കേശവദേവെന്ന എഴുത്തുകാരൻെറ വിരൽപ്പാടുകൾ വിശദമായിത്തന്നെ പതിഞ്ഞുകിടക്കുന്നു.

(3 ജൂലൈ, 1983)

# 118. ശ്രീകണ്ഠൻനായർ

ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനം നാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്തഭരണത്തിന് മഹാരാജാവിൻെറ കീഴിൽ, തെരഞ്ഞെടുക്കപ്പെട്ട നിയമസഭയും അതിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയുമൊക്കെയായി, ഏറെക്കു

റെ ബ്രിട്ടീഷ് മാതൃകയിലുള്ള നിയന്ത്രിത ജനാധിപത്യഭരണത്തിനുവേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ രൂപം കൈക്കൊണ്ടിരുന്ന കാലത്ത്, 1930—കളുടെ ഉത്തരാർദ്ധത്തിലാണ് ശ്രീകണ്ഠൻനായർ തിരുവിതാംകൂറിലെ രാഷ്ട്രീയനേതൃത്വവേദിയിൽ ഒരു കൊള്ളിമീൻപോലെ പ്രത്യക്ഷപ്പെട്ടത്. പോസ്റ്റ് ഗ്രാജേറ്റ് ബിരുദം നേടിയിരുന്ന ആ യുവാവിന്റെ അനുപമമായ ആകാരഗാംഭീര്യവും ഉജ്ജ്വലമായ വാഗ്മിതയും പെട്ടെന്നു തന്നെ അദ്ദേഹത്തിനു ബഹുജനങ്ങളുടെ അംഗീകാരം നേടിക്കൊടുത്തു. എന്നാൽ, ഏററവും അടുത്ത അനുയായികൾക്കിടയിൽ അദ്ദേഹം ആരാധ്യനായതു പ്രവൃത്തിയിലുള്ള സാഹസികതയും അതുല്യമായ നിർഭയതയും അചഞ്ചലമായ ആദർശനിഷ്ഠയുംമൂലമാണ്. മുന്നിൽ അദ്ദേഹം ഉണ്ടെങ്കിൽ, ഏതു് അഗ്നിപ്രളയത്തിലേക്കും കുതിച്ചുചാടാൻ തയ്യാറുള്ള ഒട്ടേറെ യുവാക്കൾ 'ശ്രീകണ്ഠൻചേട്ട'ന്റെ പിന്നിൽ അക്കാലത്ത് അണിനിരന്നിരുന്നു. ദിവാൻ സി. പി. രാമസ്വാമി അയ്യർക്കെന്നപോലെ, തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സിന്റെ മിതവാദിനേതൃത്വത്തിനും 'മൂക്ക്' നഷ്ടപ്പെടുന്നതിന് ശ്രീകണ്ഠൻനായരും അദ്ദേഹത്തിന്റെ അനുയായികളും കാരണമാവുകയുണ്ടായി.

1942—ൽ ക്വിററിന്ത്യാ സമരം ആരംഭിച്ചതോടെ ശ്രീകണ്ഠൻനായരുടെ പ്രവർത്തനമേഖല തിരുവിതാംകൂറിനപ്പുറത്തേക്കും വ്യാപിച്ചു. 'വിജയം അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ച ഈ സമരത്തിന്റെ ആദ്യത്തെ തിരമാലകൾ ഉയർന്ന് അടങ്ങിക്കഴിഞ്ഞപ്പോൾ കേരളത്തിലെ ദേശീയപ്രസ്ഥാനത്തിനകത്തുള്ള മൗലികമായ ചേരിതിരിവുകൾ ബീഭത്സമാംവിധം പ്രകടമായിത്തീർന്നു. കമ്യൂണിസ്റ്റുകാർ ദേശീയസമരത്തിന്റെ മുഖ്യധാരയിൽനിന്നു നിസ്സംശയമായി അകന്നുനിന്നു. ദേശീയസമരത്തിനകത്തുതന്നെ വലതും ഇടതും തമ്മിലുള്ള വിടവു നികത്താനാവാത്തവിധം വളർന്നു. അങ്ങനെ കേരളത്തിലെ സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം മൂന്നു തുണ്ടുകളായി മുറിഞ്ഞപ്പോൾ ദേശീയയിടത്തു് (സോഷ്യലിസ്റ്റ്) ചേരിയിലാണ് ശ്രീകണ്ഠൻനായർ നിലയുറപ്പിച്ചതു്.

ഈ നിലപാടു് അദ്ദേഹത്തെ ഐക്യകേരളപ്രസ്ഥാനത്തിന്റെ നേതാക്കളിൽ ഒരാളാക്കി. നാട്ടുരാജ്യങ്ങളുടെ ഒരു സബ് ഫെഡറേഷൻ, രാജാക്കന്മാരെ നിലനിർത്തിക്കൊണ്ടുള്ള ഒരു ഐക്യകേരളം, ഒററയ്ക്കൊരു സംസ്ഥാനമായി നിലകൊള്ളുന്ന തിരുവിതാംകൂർ തമിഴ്നാടും കേരളവും ഉൾപ്പെട്ട ഒരു ദക്ഷിണസംസ്ഥാനം, ഗോകർണ്ണംമുതൽ കന്യാകുമാരിവരെ നീണ്ട ഒരു പശ്ചിമതീരസംസ്ഥാനം മുതലായ പല വികല്പങ്ങൾക്കുവേണ്ടി കേരളത്തിലെ കോൺഗ്രസ് സംഘടനകളും അവയുടെ നേതാക്കളും വാദിച്ചുകൊണ്ടിരുന്നപ്പോൾ, നാട്ടുരാജാക്കന്മാരില്ലാത്തതും മലയാളം സംസാരിക്കുന്ന ജനവിഭാഗങ്ങൾ പാർക്കുന്ന പ്രദേശങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്നതുമായ കേരളസംസ്ഥാനത്തിനുവേണ്ടി വാദിക്കുകയും പ്രക്ഷോഭണം നയിക്കുകയും ചെയ്തവരുടെ മുൻനിരയിൽ ശ്രീകണ്ഠൻനായരും ഉണ്ടായിരുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതോടെ, കേരളത്തിലെ ഇടതു (സോഷ്യലിസ്റ്റ്) ചേരിക്കകത്തും വൈരുദ്ധ്യങ്ങൾ തലയുയർത്തി. ആദർശപരമെന്നതിലേറെ വ്യക്തിപരങ്ങളായ മാത്സര്യങ്ങളായിരുന്നു ഈ വൈരുദ്ധ്യങ്ങൾക്കടിയിൽ. വ്യക്തികൾ ഭിന്നിക്കുന്നതിനെ നീതീകരിക്കുവാൻ വ്യത്യസ്ത ആദർശസംഹിതകൾ ഉന്നയിക്കപ്പെട്ടു എന്നുമാത്രം. കേരളത്തിൽ, ഡോ. കെ. ബി. മേനോന്റെ നേതൃത്വത്തിൽ ഒരു ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി (ഐ. എസ്. പി.) ഗ്രൂപ്പും, മത്തായിമാഞ്ഞൂരാൻ, ശ്രീകണ്ഠൻനായർ മുതലായവരുടെ നേതൃത്വത്തിൽ ഒരു കേരള

സോഷ്യലിസ്റ്റ് പാർട്ടി (കെ. എസ്. പി.) ഗ്രൂപ്പും ഉരുത്തിരിഞ്ഞു വന്നു. പിന്നീട് മത്തായിയുടെ നേതൃത്വത്തിലുള്ള കേരള സോഷ്യലിസ്റ്റ് പാർട്ടിയും ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിലുള്ള റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുമായി ഈ രണ്ടാമത്തെ ഗ്രൂപ്പ് വീണ്ടും പിളർന്നു. മിക്കവാറും അന്നത്തെ ദ്രാവിഡ കഴകത്തിന്റേതിനോടു തുല്യമായിരുന്നു കെ. എസ്. പി. യുടെ നിലപാട്. ഉത്തരേന്ത്യയുടെ 'മേൽക്കോയ്മ' യിൽനിന്നു വിട്ട് കേരളം സ്വതന്ത്രമാകണമെന്ന് ആ പാർട്ടി വാദിച്ചുവന്നു. അതേസമയം ആർ. എസ്. പി. യുടേത് ഒരു അഖിലഭാരതീയ വീക്ഷണമായിരുന്നു. ഈ രണ്ടു പാർട്ടികളും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുകയും, അങ്ങനെ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയ്ക്ക് ഏററവും വലിയ പ്രായോഗികതടസ്സം സൃഷ്ടിക്കുകയുംചെയ്തു. കെ. എസ്. പി. ക്രമേണ അതിന്റെ താവളം തൊഴിലാളികൾക്കിടയിൽനിന്നു മലയോരകർഷകരുടെ ഇടയിലേക്കു മാററി. അതിന്റെ അനിഷേദ്ധ്യനേതാവായിരുന്ന മത്തായിമാഞ്ഞൂരാന്റെ നിര്യാണത്തോടെ ആ പാർട്ടി തികച്ചും അപ്രത്യക്ഷമായിത്തീരുകയുംചെയ്തു.

ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ ആർ. എസ്. പി. ഒരു തൊഴിലാളിപ്രസ്ഥാനമായി പിന്നെയും പ്രവർത്തനം തുടർന്നു. കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് ഭിന്നമായി നിലകൊള്ളുന്നതിന് ആദ്യകാലത്ത് ആർ. എസ്. പി. നേതാക്കന്മാർ സൈദ്ധാന്തികമായി ഉന്നയിച്ചിരുന്ന ട്രോഡ്സ്കിയിസവും 'നാലാം ഇൻറർനാഷണലും' കാലക്രമത്തിൽ തികച്ചും അപ്രസക്തങ്ങളായി. നേതാക്കളുടെ വ്യക്തിപരമായ താല്പര്യങ്ങളിൽ കവിഞ്ഞ നീതീകരണമൊന്നും ആർ. എസ്. പി. യുടെ വ്യതിരിക്തമായ നിലനില്പിന് ഇല്ലെന്നുവന്നു. അപ്പോൾ സ്വന്തം വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ, ആർ. എസ്. പി. കമ്യൂണിസ്റ്റുപാർട്ടിയുമായി സഹകരിച്ചുതുടങ്ങി. എന്നാൽ, പ്രാദേശികമായും പ്രശ്നങ്ങളുടെ പേരിലും പലപ്പോഴും ഈ പാർട്ടികൾക്ക് ഇടയേണ്ടിയുംവന്നു.

കേരളസംസ്ഥാനം നിലവിൽ വന്നതോടെ കേരളത്തിലെ ആർ. എസ്. പി. മിക്കവാറും കൊല്ലം നഗരത്തിലും അതിന്റെ പരിസരങ്ങളിലും പ്രവർത്തിക്കുന്ന ചെറിയ ഒരു പ്രൊഫെഷണൽ—തൊഴിലാളി—രാഷ്ട്രീയപ്പാർട്ടിയായി മാറി. അതിന്റെ അനിഷേദ്ധ്യനേതാവായ ശ്രീകണ്ഠൻനായരാകട്ടെ പാർലമെൻറംഗമെന്ന നിലയിൽ കേരളത്തിന്റെ ദൈനംദിന രാഷ്ട്രീയജീവിതത്തിൽനിന്ന് അകന്നകന്നുപോവുകയും ചെയ്തു. ഇക്കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ, ഇടതുപക്ഷങ്ങളുടെ മുഴുവൻ പിൻതുണയുണ്ടായിട്ടും, അദ്ദേഹത്തിനു വിജയം കൈവരാതിരുന്നതിന്റെ കാരണം മറെറാന്നുമല്ല. നിസ്വാർത്ഥനായ നേതാവ്, തൊഴിലാളികളുടെ ഏററവും പ്രഗത്ഭനായ വക്താവ് എന്നീ നിലകളിൽ തിളങ്ങുന്ന ഒരു കീർത്തിമണ്ഡലവും ഒരു തലമുറക്കാലത്തിലേറെ നീണ്ട സേവനപാരമ്പര്യവുമുണ്ടെങ്കിലും, പ്രാദേശികഘടകങ്ങളിൽ ആഴത്തിലിറങ്ങിയ അദ്ദേഹത്തിന്റെ വേരുകൾ അതിനിടെ ഉണങ്ങിക്കരിഞ്ഞുപോയിരുന്നുവെന്ന് ശ്രീകണ്ഠൻനായരുടെ തെരഞ്ഞെടുപ്പു പരാജയം തെളിയിച്ചു.

പാർലമെൻേററിയൻ എന്ന നിലയിൽ ശ്രീകണ്ഠൻനായർ സാർവ്വത്രികമായ മതിപ്പു നേടി. ഇടയ്ക്കിടെയുള്ള പൊട്ടിത്തെറികൾനിമിത്തം 'കേരളസിംഹം' എന്ന ബിരുദം ഒരവസരത്തിൽ അദ്ദേഹത്തിനു പാർലമെൻറിലെ നടപടികൾ റിപ്പോർട്ടുചെയ്യുന്ന പത്രപ്രവർത്തകർ സമ്മാനിക്കുകയുണ്ടായി. എങ്കിലും, നെഹ്റുവിനെപ്പോലുള്ള നേതാക്കന്മാരുടെ ആദരം ആർജിക്കുവാൻ പര്യാപ്തമായിരുന്നു പാർലമെൻറിൽ അദ്ദേഹത്തിന്റെ പ്രവർത്തനം. കേരളത്തിൽനിന്നുള്ള പാർലമെൻറംഗങ്ങളിൽ,

എ. കെ. ജി. യെ ഒഴിച്ചു നിർത്തിയാൽ ഏററവുമധികം മതിപ്പുളവാക്കിയ ആളാണ് ശ്രീകണ്ഠൻനായർ.

പാർലമെൻറിൽ അംഗമായിരിക്കുമ്പോഴും, പിന്നീടും, കേരളത്തിലെ സാംസ്കാരികപ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു സജീവതാല്പര്യമുണ്ടായിരുന്നു. കേരള സർവകലാശാലയുടെ പല ഘടകങ്ങളിലും അദ്ദേഹം അംഗമായിരുന്നു; അവയിലൊക്കെ ഫലപ്രദമായി പ്രവർത്തിച്ചു വന്നു. കേരളസാഹിത്യ അക്കാദമിയിലും അദ്ദേഹം അംഗമായിരുന്നു. കോട്ടയത്തു നടന്ന റബർബോർഡിൻെറ ഒരു യോഗത്തിൽ, ചെറിയ തോട്ടങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ടു പ്രസംഗിച്ചശേഷം, തിരിച്ചുപോകുമ്പോഴാണല്ലോ കാറിൽവെച്ച് ആകസ്മികമായി അദ്ദേഹത്തിൻെറ മരണം സംഭവിച്ചതു്. ഇംഗ്ലീഷിലും മലയാളത്തിലും പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ശ്രീകണ്ഠൻനായർക്കു സാഹിത്യത്തിൽ എന്നും താല്പര്യമുണ്ടായിരുന്നു. സുഹൃദ്ബന്ധങ്ങൾ നിലനിർത്തുന്നതിലും വളർത്തുന്നതിലും അസാധാരണമായ വൈദഗ്ധ്യംതന്നെ അദ്ദേഹം പുലർത്തിവന്നു.

പ്രവർത്തനം പാർലമെൻറിലേക്കു മാററാതെ, കേരളത്തിൽത്തന്നെ തുടർന്നിരുന്നുവെങ്കിൽ ശ്രീകണ്ഠൻനായർ ഇവിടത്തെ ഐക്യമുന്നണി സംവിധാനത്തിൽ സംസ്ഥാനത്തിലെ അധികാരത്തിൻെറ ഏററവും ഉയർന്ന പടവുകളിലെത്തുമായിരുന്നു എന്നതിനു സംശയമില്ല. ഒരു പേരാൽമരംപോലെ കേരള രാഷ്ട്രീയത്തിൽ ഉയർന്നുനിന്നിരുന്ന പട്ടം താണുപിള്ളയെ അദ്ദേഹം ഒരു കാലത്തു കൂസൽകൂടാതെ വെല്ലുവിളിക്കുകയുണ്ടായി. അന്നുമുതല്ക്കേ, കേരളത്തിലെമ്പാടുമുള്ള സാധാരണജനങ്ങളുടെ കൺമുന്നിൽ ധീരനും സാഹസികനും ആദർശശാലിയും പുതിയ തലമുറയുടെ പ്രതിനിധിയുമായ ഒരു നേതാവെന്ന നിലയിൽ അദ്ദേഹത്തിൻെറ ചിത്രം എന്നും തെളിമയോടെ ഉയർന്നുനിന്നിരുന്നു. എന്നാൽ, സംസ്ഥാനതലത്തിലുള്ള അധികാരവടംവലികളിൽനിന്നു വിട്ടുനിൽക്കാനാണ് ശ്രീകണ്ഠൻനായർ ആഗ്രഹിച്ചതു്. മന്ത്രിപദവിയും അതുകൊണ്ടു ലഭ്യമാകാവുന്ന ഭൗതികമെച്ചങ്ങളും തൻെറ അനുയായികൾക്ക് അദ്ദേഹം വിട്ടുകൊടുത്തു. നിസ്വാർത്ഥിയായ നേതാവെന്നും തൊഴിലാളികളുടെ പടത്തലവനെന്നുമുള്ള പ്രശസ്തി തൻേറതായി നിലനിർത്തുന്നതുകൊണ്ടു് അദ്ദേഹം തൃപ്തിപ്പെട്ടു. ഈ പ്രശസ്തി മരണംവരെ കോട്ടംകൂടാതെ പുലർത്തുവാൻ അദ്ദേഹത്തിനു സാധിക്കുകയുംചെയ്തു. ഒരു കാലത്തു തൻെറ സഹപ്രവർത്തകനും പിന്നീട് കുറെക്കാലം രാഷ്ട്രീയ എതിരാളിയുമായിരുന്ന മത്തായി മാഞ്ഞൂരാനെപ്പോലെ ഒരു 'മുൻമന്ത്രി'യുടെ ചാരനിറത്തിലല്ലാതെ, വിപ്ലവകാരിയായ ഒരു സ്വാതന്ത്ര്യപ്പോരാളിയുടെ മഴവിൽനിറങ്ങളിൽ വരുംതലമുറയുടെ സ്മരണകളിൽ അതിജീവിക്കാൻ കഴിയുമെന്നതിനാൽ, താൻ തെരഞ്ഞെടുത്ത ചര്യയിൽ ശ്രീകണ്ഠൻനായർക്കു തീർച്ചയായും ചാരിതാർത്ഥ്യത്തിന് അവകാശമുണ്ടു്. പ്രായം അതിൻെറ അലംഘ്യമായ കരുത്തു കാണിക്കാൻ തുടങ്ങുകയും, ദേഹം പലവിധം അവശതകൾക്കു വിധേയമാവുകയും ചെയ്തപ്പോഴും, യുവചൈതന്യത്തിൻെറ പ്രതീകമായാണ് ശ്രീകണ്ഠൻനായരെ കേരളീയർ കണക്കാക്കി വന്നതു്. 'ചേട്ടൻ ആയിട്ടല്ലാതെ, അമ്മാവനോ, അപ്പൂപ്പനോ ഒക്കെയായി അദ്ദേഹത്തെ സങ്കല്പിക്കുക അസാദ്ധ്യംതന്നെ.

സ്വാതന്ത്ര്യസമരത്തിൻെറ സുവർണ സ്മരണകളിൽ ഒന്നുകൂടി ഇപ്പോൾ ഇതാ പൊലിഞ്ഞുപോയിരിക്കുന്നു. ശ്രീകണ്ഠൻനായരുടെ ചരമം കേരളീയ പൊതുജീവിതത്തിൻെറ ചെറുതല്ലാത്ത ഒരു മേഖലയെ ഇരുളിൽ ആഴ്ത്തിയിരിക്കുന്നു.

(23 ജൂലൈ, 1983)